# വിപശ്യനാ പത്രിക

*സയാജീ ഊ ബാ ഖിൻന്റെ പരമ്പരയ്ക്കനുസരിച്ച് എസ. എൻ. ഗോയങ്ക പഠിപ്പിച്ച ധ്യാന വിധി*

**Vol. 3, No. 11 : നവംബർ 2010**
**മലയാളം മാസ പത്രിക**

**വിപസ്സന റിസർച്ച് ഇൻസ്റ്റിറ്റ്യൂട്**
**ധമ്മഗിരി, ഇഗത്പുരി – 422 403, മഹാരാഷ്ട്ര**

***ധർമ്മ വാണി***

*യഥാ ദണ്ഡേന ഗോപാലോ,*
*ഗാവോ പാജേതി ഗോചരം.*
*ഏവം ജരാ ച മച്ചു ച,*
*ആയും പാജേന്തി പാണിനം.*

ഗോപാലൻ വടികൊണ്ട് ഗോക്കളെ
മേയ്ക്കുവാൻ നയിക്കുന്നതുപോലെ,
വാർദ്ധക്യവും മൃത്യുവും ആയിസ്സിനെ
നയിച്ചുകൊണ്ടു പോകുന്നു..

— **ഖുദ്ദക നികായ, ധമ്മപദപാളി,** (വീ.ആർ.ഐ. 1.30)

# ധാരണം ചെയ്താൽ ധർമ്മം, ശീലത്തിന്റെ പരിശുദ്ധി

**എസ. എൻ. ഗോയങ്ക**

*(ജീ-ടീവിയിൽ തുടർച്ചയായി 44 ഭാഗങ്ങളായി പ്രസാരണം ചെയ്ത ഗോയങ്കജീയുടെ പ്രവചനങ്ങളുടെ 10 ാം ഭാഗം.)*

ശീലം, സമാധി, പ്രജ്ഞ; ശീലം, സമാധി, പ്രജ്ഞ – ഇതിൽ മുഴുവൻ ധർമ്മവും അടങ്ങിയിട്ടുണ്ട്. ധർമ്മത്തിന്റെ അർത്ഥം മുഴുവൻ അടങ്ങിയിട്ടുണ്ട്. ധർമ്മത്തിന്റെ പരിശുദ്ധി മുഴുവൻ അടങ്ങിയിട്ടുണ്ട്. ശീലത്തിന്റെ പാലനം ചെയ്യണം അതായത് സദാചാരത്തിന്റെ ജീവിതം ജീവിക്കണം. സദാചാരത്തിന്റെ ജീവിതം ജീവിക്കുന്നതിന് സമാധിയുടെ അഭ്യാസം ചെയ്യണം, അതായത് മനസ്സിന്റെ അധിപതിയാകുന്നതിന് അഭ്യാസം ചെയ്യണം. ഇത്രമാത്രമല്ല, അന്തർമനസ്സിന്റെ ആഴങ്ങളിൽ ഏതൊരു വികാരങ്ങളെ ശേഖരിച്ചു വച്ചിട്ടുണ്ടോ അതിനെ പുറത്തു കളയണം. അതുമൂലം സ്വാഭാവികമായി, പ്രയത്നം ചെയ്യാതെ, യാതൊരു പ്രയത്നവും കൂടാതെ, സദാചാരം ജീവിത്തിന്റെ അംഗമായി മാറണം. ചിത്തം നിർമ്മലമായിത്തീരണം. സ്വന്തം ഉള്ളിൽ ഇത്തരം പ്രജ്ഞ ഉണർത്തണം അതുമൂലം മുഴുവൻ വികാരങ്ങളെയും പുറത്തു കളയണം. സദാചാരത്തിന്റെ ജീവിതം ജീവിക്കൽ മനസ്സിനെ വശത്താക്കൽ, മനസ്സിനെ നിതാന്ത നിർമ്മലമാക്കൽ, ഇത് ഏതെങ്കിലും ഒരു സമ്പ്രദായത്തിന്റെ ധർമ്മമല്ല, ഏതെങ്കിലും ഒരു സമുദായത്തിന്റെ ധർമ്മമല്ല. ഏതെങ്കിലും ഒരു ജാതി, വർണ്ണം, ഗോത്രത്തിന്റെ ധർമ്മമല്ല. എല്ലാവരുടെയും ധർമ്മമാണ്. ഇതുതന്നെയാണ് ധർമ്മം. ഏതു പരമ്പരയുടെ വ്യക്തിയായാലും, അയാളോട് ധർമ്മത്തിനെപ്പറ്റി സംസാരിക്കുമ്പോൾ ചോദിക്കുക – നിങ്ങൾ സദാചാരത്തിന്റെ ജീവിതത്തെ നല്ലതെന്നു വിശ്വസിക്കുന്നുണ്ടോ? നിങ്ങൾ മനസ്സിനെ വശത്താക്കാനുള്ള ഏതെങ്കിലും ജോലിയെ നല്ലതെന്നു വിശ്വസിക്കുന്നുണ്ടോ? നിങ്ങൾ ചിത്തത്തെ നിതാന്ത നിർമ്മലമാക്കുന്നതിന്റെ ഏതെങ്കിലും വിദ്യയുടെ ഉപയോഗം നല്ലതെന്നു വിശ്വസിക്കുന്നുണ്ടോ? ആര് ഇല്ലെന്നു പറയും? എല്ലാവരും സ്വീകരിക്കും. ഇത് അഭിന്നമാണ്, എല്ലാവരുടെയുമാണ്.

അതിനാൽ എന്തൊന്ന് എല്ലാവരുടെയുമാണോ അത് ധർമ്മമാണ്. ആരെങ്കിലും തന്നെ ഏതു പേരിൽ വേണമെങ്കിലും വിളിച്ചോട്ടെ, ഒരു വ്യത്യാസവും ഉണ്ടാകില്ല. ശീലവാനായി ത്തീരട്ടെ. സമാധിഷ്ഠനായിത്തീരട്ടെ. പ്രജ്ഞയുള്ള വനാകട്ടെ. അപ്പോൾ ധർമ്മിഷ്ഠനായി. ഹിന്ദുവാണെങ്കിൽ അപ്പോൾ നല്ല ഹിന്ദുവായി. ബൗദ്ധനാണെങ്കിൽ നല്ല ബൗദ്ധനായി. ജൈനനാ ണെങ്കിൽ നല്ല ജൈനനായി. ക്രിസ്ത്യാനിയാ ണെങ്കിൽ നല്ല ക്രിസ്ത്യാനിയായി. മുസ്ലീമാണെങ്കിൽ നല്ല മുല്ലീം ആയി. പാർസിയാണെങ്കിൽ നല്ല പാർസിയായി. യഹൂദിയാണെങ്കിൽ യഹൂദിയായി. ഓ, നല്ല വ്യക്തിയായില്ലെ! ധർമ്മം നമ്മളെ നല്ല വ്യക്തിയാക്കിത്തീർക്കും. നല്ല മനുഷ്യനാക്കി ത്തീർക്കും. പിന്നെ തന്നെത്താൻ ഏതുപേരിൽ വേണമെങ്കിൽ വിളിക്കാം. ഈ പേരിൽ എന്താണിരിക്കുന്നത്. ധർമ്മം ജീവിതത്തിൽ വരണം. ശീലം, സമാധി, പ്രജ്ഞ ജീവിതത്തിൽ വരണം. ഇതേ ശീലത്തിനെ, സമാധിയെ, പ്രജ്ഞയെ കുറച്ചുകൂടി വിവരണത്തോടെ മനസ്സിലാക്കിത്തന്നു. കൂടാതെ ഈ മുഴുവൻ മാർഗ്ഗം – ഇതിൽ നടന്ന് ഏതൊരു വ്യക്തിയും ശീലത്തിൽ പുഷ്ടനാകുന്നു, സമാധിയിൽ പുഷ്ടനാകുന്നു, പ്രജ്ഞയിൽ പുഷ്ടനാകുന്നു, ആ മാർഗ്ഗത്തെ ആ ദിനങ്ങളിലെ ഭാഷയിൽ പറഞ്ഞു – 'അരിയൊ അട്ഠംഗികോ

മഗ്ഗൊ'. അരിയൊ എന്നാൽ ആര്യ, അട്ഠങ്ഗികൊ മഗ്ഗൊ എന്നാൽ എട്ട് അംഗമുള്ള മാർഗ്ഗം. ആര്യ അഷ്ടാംഗിക മാർഗ്ഗം.

'ആര്യ' എന്നാലെന്താണ്? 2500 വർഷം, വളരെ ദീർഘമായ സമയമാണ്. 2500 വർഷങ്ങളിൽ ഭാഷ മാറിപ്പോകുന്നു, ഭാഷയുടെ ശബ്ദം മാറിപ്പോകുന്നു, ശബ്ദങ്ങളുടെ അർത്ഥം മാറിപ്പോകുന്നു. ഇന്നാകട്ടെ ആര്യൻ ജാതിവാചക ശബ്ദമായിത്തീർന്നു. ആ ദിനങ്ങളിലെ ഭാരതത്തിന്റെ ഭാഷയിൽ ഇത് ജാതിവാചകമല്ല, ഗുണവാചക ശബ്ദമായിരുന്നു. ആരെയാണ് ആര്യനെന്ന് വിളിച്ചിരുന്നത്? ഏതൊരാൾ സത്പുരുഷനായോ, മനസ്സ് നിർമ്മലമായോ, ശുദ്ധചിത്തനായോ, സജ്ജനനായോ, അത്തരം വ്യക്തി ആര്യനെന്ന് വിളിക്കപ്പെട്ടിരുന്നു. ധർമ്മത്തിന്റെ വഴിയിൽ നടന്നുനടന്ന് ശീലത്തിൽ സമാധിയിൽ, പ്രജ്ഞയിൽ ഇത്ര പുഷ്ടനായി അപ്പോൾ ചിത്തം നിതാന്ത നിർമ്മലമായി എന്നിട്ട് ജീവിതം ധർമ്മമയമായി. അത്തരം വ്യക്തിക്ക് ചീത്ത ജോലി ചെയ്യാനെ സാധിക്കില്ല. അന്യ പ്രാണികളുടെ സുഖശാന്തി ഇല്ലാതാകുന്നു, അന്യ പ്രാണികൾക്ക് അഹിതമുണ്ടാകുന്നു, അമംഗളമുണ്ടാകുന്ന അത്തരം ഒരു ജോലിയും ചെയ്യാനെ സാധിക്കില്ല. ഇനി ഏതൊന്നു ചെയ്യുന്നുവോ, തന്റെയും കൂടാതെ മറ്റുള്ളവരുടെയും നന്മക്കേ ചെയ്യുകയുള്ളു. മംഗളത്തോടു മംഗളത്തിന്റെ ജോലിയെ ചെയ്യുകയുള്ളു, നന്മയോടു നന്മയുടെ ജോലിയെ ചെയ്യുകയുള്ളു. അത്തരം വ്യക്തി ആര്യനെന്നു വിളിക്കപ്പെടുന്നു.

ഇന്ന് ഇതിനെ ജാതിവാചക രൂപത്തിൽ എടുക്കുന്നു. കൂടാതെ ഇതിന്റെ അർത്ഥം പറയുമ്പോൾ – ആര്യനെന്നു വിളിക്കുന്നയാൾ വെള്ള വർണ്ണമുള്ളവനായിരിക്കും – നീണ്ടമൂക്കാണോ, വലിയ വലിയ കണ്ണുണ്ടോ, ഉയരമുള്ള വ്യക്തിയാണോ എങ്കിൽ ഇയാൾ ആര്യജാതി യിലെയാണ്. ആരെങ്കിലും കറുത്തനിറമുള്ള താണെങ്കിൽ, ചുരുട്ട മുടിയാണെങ്കിൽ, തടിച്ച ചുണ്ടാണെങ്കിൽ പറയും – ഇയാൾ നീഗ്രോ ജാതിയിൽ പെട്ടതാണ്. ആരുടെയെങ്കിലും നിറം മഞ്ഞയാണ്, കണ്ണുകൾ ഇടുങ്ങിയത്, മൂക്ക് പരന്നതാണെങ്കിൽ പറയും – ഇയാൾ മംഗോളിയൻ ജാതിയിൽ പ്പെട്ടതാണ്. അപ്പോൾ ഈ ആര്യ ശബ്ദം ഇന്ന് ജാതിവാചക ശബ്ദമായി. ആ ദിനങ്ങളിലെ ഭാഷയിൽ ഇതുമായി ഒരു ബന്ധവുമില്ലായിരുന്നു. ആര് വെളുത്ത നിറമുള്ളതായാലും, കറുത്ത നിറമുള്ളതായാലും, നീണ്ട മൂക്കായാലും, അല്ലെങ്കിലും, വലിയ കണ്ണുള്ളവനായാലും, അല്ലെങ്കിലും ഒരു വ്യത്യാസവും വരുന്നില്ല.

ഏതൊരു വ്യക്തി ധർമ്മത്തിന്റെ വഴിയിൽ നടന്നു നടന്ന് ശീലം, സമാധി, പ്രജ്ഞയിൽ പുഷ്ടനായിത്തീർന്നോ, നിർമ്മല ചിത്തനായോ, സത്പുരുഷനായോ, അദ്ദേഹം ആര്യനായി. എന്നാൽ ഏതൊരാൾ അത്തരത്തിലായില്ലയോ – തെറ്റായ വഴിയിൽ നടന്നു കൊണ്ടിരിക്കുകയാണ്, ധർമ്മത്തിന്റെ വഴിയിൽ നടക്കുന്നില്ലയോ, സ്വന്തവും അമംഗളം ചെയ്യുന്നു, മറ്റുള്ളവരുടെയും അമംഗളം ചെയ്യുന്നു – അയ്യോ, അവൻ അനാര്യൻ തന്നെയാണ്. വേണമെങ്കിൽ അയാളുടെ നിറം വെളുത്തതാകാം, വേണമെങ്കിൽ അയാളുടെ മൂക്ക് നീണ്ടതാകാം, വേണമെങ്കിൽ അയാളുടെ കണ്ണുകൾ വലുതായിരിക്കാം – ഒരു വ്യത്യാസവും വരുന്നില്ല. അയാൾ അനാര്യൻ തന്നെയാണ്. ആ ദിനങ്ങളിലെ ഭാഷയിൽ പറഞ്ഞു – 'ഹീനൊ ഗമ്മൊ, പൊത്തുജ്ജനികൊ അനരിയൊ അനത്ഥ സംഹിതൊ'– വളരെ ഹീനനാണ്, വളരെ നീചനാണ്, വളരെ അജ്ഞാനിയാണ്, വളരെ മാർഗ്ഗഭ്രഷ്ടനാണ്. മാർഗ്ഗ ഭ്രഷ്ടനായി – ധർമ്മത്തിന്റെ രാജപഥത്തെ ഉപേക്ഷിച്ച് ഇരുട്ടു നിറഞ്ഞ ഇടവഴികളിൽ അലഞ്ഞുതിരിയുന്നു, ധർമ്മത്തിൽ നിന്നും വഴി തെറ്റി. 'അനത്ഥ സംഹിതൊ'– അനർത്ഥത്തോട് അനർത്ഥം സംഗ്രഹം ചെയ്തുകൊണ്ടിരിക്കു കയാണ്. തനിക്കും അനർത്ഥം തന്നെ അനർത്ഥം, മറ്റുള്ളവർക്കും അനർത്ഥം തന്നെ അനർത്ഥം – അത്തരം വ്യക്തിയെ ആ ദിനങ്ങളിലെ ഭാഷയിൽ 'അനരിയൊ'– എന്നു വിളിച്ചു. കഴിഞ്ഞ 2500 വർഷങ്ങളിൽ ഈ 'അനരിയൊ' ശബ്ദത്തിന് മാറ്റം വന്ന് വന്ന് ഇന്നത്തെ ഹിന്ദിയിൽ ഇത് 'അനാടി' ആയിത്തീർന്നു.

അയ്യോ, അനാടി തന്നെയല്ലെ സഹോദര അയാൾ? സ്വന്തം അമംഗളം ചെയ്യുന്നു, മറ്റുള്ളവർക്കും അമംഗളം ചെയ്യുന്നു. സ്വന്തം സുഖശാന്തിയും ഇല്ലാതാക്കുന്നു, മറ്റുള്ളവരുടെയും സുഖശാന്തി ഇല്ലാതാക്കുന്നു, പാവത്തിന് ബോധമില്ല, വളരെ വിവേകശൂന്യനാണ് അതിനാൽ അനാടി തന്നെയാണ്. അനാടിയല്ല, ബോധം വന്നു, വിവേകമുള്ളവനായി എങ്കിൽ ധർമ്മത്തിന്റെ വഴിയിൽ നടന്നുകൊണ്ട് സ്വന്തം നന്മ നേടാൻ തുടങ്ങി, മറ്റുള്ളവർക്കും നന്മ കൊടുക്കാൻ തുടങ്ങി. തനിക്കും സുഖശാന്തിയുടെ നിർമ്മാണം ചെയ്യാൻ തുടങ്ങി, മറ്റുള്ളവർക്കും സുഖശാന്തിയുടെ നിർമ്മാണം ചെയ്യാൻ തുടങ്ങി – അപ്പോൾ ആര്യനായിത്തീരാനുള്ള വഴിയിൽ നടക്കാൻ തുടങ്ങി. ഈ മാർഗ്ഗം, ഇത് എല്ലാ അനാര്യനെയും ആര്യനാക്കിത്തീർക്കും – അതിനാൽ ആര്യ മാർഗ്ഗമെന്ന് വിളിക്കപ്പെട്ടു, ആര്യധർമ്മമെന്ന് വിളിക്കപ്പെട്ടു. ഇത് എട്ട് അംഗമുള്ളതാണ്. ഇതാകട്ടെ ശീലം, സമാധി, പ്രജ്ഞ്യ ഈ മൂന്ന് ഭാഗങ്ങളിൽ വിഭജിച്ചിരിക്കുകയാണ്. 'ശീല' ത്തിന്റെ ഉള്ളിൽ ഈ ആര്യമാർഗ്ഗത്തിന്റെ മൂന്നു ഭാഗം വന്നു – 'സമ്മാ വാചാ, സമ്മാ കമ്മന്തൊ, സമ്മാ ആജീവൊ'

'സമ്മാ വാചാ' ശരിയായ വചനം. 'സമ്യക്' എന്നാൽ ഏതൊന്ന് – ശരിയാണോ, സത്യമാണോ, മംഗളകാരിയാണോ കൂടാതെ ഏതൊന്ന് സ്വയം സ്വന്തം അനുഭവത്തിൽ വന്നുവോ, അത്. ധർമ്മം വളരെ മംഗളകാരിയാണ്, എന്നാൽ ഇങ്ങനെ പുസ്തകങ്ങളിൽ പറയുകയാണ്, നമ്മുടെ ഗുരുമഹാരാജ് പറയുകയാണ് – വാണിയാൽ കേട്ടതാണ്, പുസ്തകത്തിൽ പഠിച്ചതാണ്, എന്നാൽ ജീവിതത്തിൽ ആകട്ടെ അനുഭവമായിട്ടില്ലല്ലൊ! അതിനാൽ സമ്യക് ആയിട്ടില്ല. വാണി ശരിയാണ്, സ്വയം സ്വന്തം അനുഭൂതിയിൽ വരുകയാണ്, സത്യമായും ജീവിതത്തിൽ അനുഭവിക്കുകയാണ്. അപ്പോൾ വാണി സമ്യക് ആയി.

സമ്യക് എന്താണ്? നമ്മൾ ഒരു അന്യ വ്യക്തിക്കും ഹാനി ചെയ്യുന്നില്ലയോ, അത്തരം വചനം. ഒരു അന്യവ്യക്തിയുടെയും സുഖശാന്തി ഭംഗമാക്കില്ല – ഒരേഒരു അളവുകോൽ. ധർമ്മത്തിന്റെ ഒരേഒരു അളവുകോൽ. നമ്മൾ നുണ പറഞ്ഞ്

ആരെയെങ്കിലും വഞ്ചിക്കാനുള്ള ജോലി ചെയ്യില്ല. നമ്മൾ ഏതെങ്കിലും കടുവചനം പറഞ്ഞ് ആരുടെയും മനസ്സിനെ ദുഖിപ്പിക്കാനുള്ള ജോലി ചെയ്യില്ല. പരനിന്ദയുടെ സംസാരം, ഏഷണിയുടെ സംസാരം, ജനങ്ങൾ പരസ്പരം അടിപിടി കൂടിക്കാനുള്ള കാര്യം പറഞ്ഞു കൊണ്ട് നമ്മൾ ആരുടെയും ഹാനി ചെയ്യില്ല. മതി, ഇവയിൽ നിന്ന് രക്ഷപ്പെട്ടാൽ അപ്പോൾ വചനം സമ്യക് തന്നെ സമ്യക്, ശുദ്ധം തന്നെ ശുദ്ധം. കൂടാതെ വീണ്ടും നിരീക്ഷിച്ചു കൊണ്ടിരിക്കണം – ഇത്തരം വാണി എന്റെ ജീവനിൽ വരുന്നുണ്ടല്ലൊ! ഞാൻ സത്യമായും സമ്മാ വാചാ, സമ്യക് വചനത്തിന്റെ പാലനം ചെയ്യുന്നുണ്ടല്ലൊ! അപ്പോൾ സമ്യക്, അതല്ലെങ്കിൽ വീണ്ടും പുസ്തകങ്ങളിലെ, വീണ്ടും ഗുരുമഹാരാജാവിന്റെ – പ്രയോജനമില്ലാത്ത കാര്യമാണ്. ഏതുവരെ നമ്മുടെ ജീവിതത്തിൽ വരുന്നില്ലയോ, നമുക്ക് അതിന്റെ ലാഭം ലഭിക്കുന്നില്ലാ. അതുവരെ 'സമ്മാ വാചാ' ആയില്ല.

'സമ്മാ കമ്മന്തൊ' അതായത് സമ്യക് കർമ്മാന്തം. കർമ്മാന്തം എന്തിനെയാണ് വിളിക്കുന്നത്. എല്ലാ കർമ്മവും ആദ്യം മനസ്സിൽ ആണ് ഉണരുന്നത്, മുന്നോട്ടു പോയാൽ അപ്പോൾ വാണിയിൽ വരുന്നു, വീണ്ടും മുന്നോട്ടു പോയാൽ ശരീരത്തിൽ പ്രകടമാകുന്നു. അത് ശരീരത്തിൽ വരുമ്പോൾ കർമ്മത്തിന്റെ അന്തം. അതായത് ശാരീരിക കർമ്മത്തെ കർമ്മാന്തം എന്നു വിളിച്ചു. അതിനാൽ അതും സമ്യക് ആകണം, ശരിയായിരിക്കണം, നല്ലതായിരിക്കണം. അത് മറ്റുള്ളവർക്ക് ഹാനിയുണ്ടാക്കുന്നു, മറ്റുള്ളവരുടെ സുഖശാന്തി ഇല്ലാതാകുന്നു, മറ്റുള്ളവർക്ക് അമംഗളം ഉണ്ടാകുന്നു – അങ്ങനെ ആകരുത്. അങ്ങനെ ആകാൻ പാടില്ല. വീണ്ടും ഇത് സ്വന്തം ജീവിതത്തിലും വരണം. ആ ശരിയായ കർമ്മാന്തം സ്വന്തം അനുഭൂതിയിലും ഇറങ്ങണം. നോക്കൂ, ഞാൻ സമ്യക് കർമ്മാന്തത്തിന്റെ ജീവിതമാണ് ജീവിച്ചു കൊണ്ടിരിക്കുന്നത്. അതായത് ഞാൻ ഹിംസ ചെയ്യുന്നില്ല, ഞാൻ മോഷണം ചെയ്യുന്നില്ല, ഞാൻ വ്യഭിചാരം ചെയ്യുന്നില്ല, ഞാൻ ഏതെങ്കിലും ലഹരി പദാർത്ഥത്തിന്റെ സേവനം ചെയ്യുന്നില്ല. ഇപ്രകാരം സ്വന്തം അനുഭവത്തിൽ നോക്കിക്കൊണ്ടിരിക്കു കയാണ്. ചെയ്യുന്നില്ല, തീർത്തും ചെയ്യുന്നില്ല, എങ്കിൽ സമ്യക് ആയി, ധാരണം ചെയ്യാൻ തുടങ്ങി. ശരിയാണ് – സ്വയം ധാരണം ചെയ്തു എങ്കിൽ സമ്യക് കർമ്മാന്തം ആയിത്തീർന്നു.

ശീലത്തിന്റെ മൂന്നാമത്തെ അംഗം – 'സമ്മാ ആജീവൊ' – ഓരോ വ്യക്തിക്കും ഒന്നല്ലെങ്കിൽ മറ്റൊരു ഉപജീവനമാർഗ്ഗം ഉണ്ടാകുകതന്നെ ചെയ്യും. ഏതൊരാൾ ഗൃഹസ്ഥനാണോ അവർക്കാകട്ടെ സ്വന്തം ഉപജീവനമാർഗ്ഗത്തിന്റെ ആധാരത്തിൽ തന്നെയാണ് ജീവിക്കേണ്ടത്. കൂടാതെ ഏതൊരാൾ ഗൃഹത്യാഗിയാണോ, അവർക്കും ഉപജീവനമുണ്ട്. ഒന്നല്ലെങ്കിൽ മറ്റൊരിടത്തു നിന്ന് ജീവിത നിർവ്വാഹണത്തിനായി ഭക്ഷണവും ലഭിക്കുന്നുണ്ട്. എങ്കിൽ എപ്രകാരത്തിലുള്ളതാണ് ലഭിക്കുന്നത്? ആരെയെങ്കിലും വഞ്ചിച്ചിട്ടൊന്നും എടുക്കിന്നില്ലല്ലോ? ആരെയെങ്കിലും വിഭ്രാന്തിയിൽ ഇട്ടുകൊണ്ടൊന്നും എടുക്കുന്നില്ലല്ലൊ? അവർക്ക് അവരുടെ കാര്യം നോക്കേണ്ടതുണ്ട്. ഗൃഹസ്ഥൻമാർക്ക് സ്വന്തം കാര്യം നോക്കേണ്ടതുണ്ട് – എന്റെ ഏതൊരു ഉപജീവന മാർഗ്ഗമുണ്ടോ, ഏതൊരു വഴിയിലൂടെ എന്റെ വീട്ടിൽ ധനം വരുന്നുണ്ടോ – ഏതൊരു ജോലിയിലൂടെ, വ്യാപാരത്തിലൂടെ, തൊഴിലിലൂടെ എന്റെ ഇവിടെ ധനം വരുന്നുണ്ടോ അത് എത്തരത്തിലുള്ളതാണ്? എന്താ അതുമൂലം അന്യപ്രാണികൾക്ക് ഹാനിയുണ്ടാകുന്നുണ്ടോ? അന്യപ്രാണികൾക്ക് അമംഗളമുണ്ടാകുന്നുണ്ടോ? അന്യപ്രാണികളുടെ സുഖശാന്തി ഇല്ലാതാകുന്നുണ്ടോ? ഞാൻ ഏതെങ്കിലും അത്തരം ജോലിയിലേർപ്പെട്ടിട്ടില്ലല്ലോ, ഏതിന്റെ കാരണത്താൽ അന്യപ്രാണികൾ തെറ്റായ വഴിയിലൂടെ നടക്കാൻ തുടങ്ങി, അവർ സദാചാരത്തിന്റെ ജീവിതം ജീവിക്കുന്നില്ല. ദുരാചാരണത്തിന്റെ ജീവിതത്തിൽ പെട്ടിരിക്കു കയാണ്. എങ്കിൽ ഇല്ല, അത്തരം ഉപജീവനമാർഗ്ഗം എനിക്ക് പ്രയോജനമുള്ളതല്ല. വേണമെങ്കിൽ തന്നെത്താൻ വഞ്ചിച്ചു കൊണ്ടിരിക്കാം എന്തെന്നാൽ ഞാനാകട്ടെ ഒരു ഹിംസയും ചെയ്യുന്നില്ല. ശരിയായ കാര്യം തന്നെയാണ്. നീ ഹിംസ ചെയ്യുന്നില്ല എന്നാൽ വ്യാപാരം എന്താണ് ചെയ്യുന്നത്? നിങ്ങളുടെ നിത്യവൃത്തി എന്താണ്? തോക്കുകളുടെ വ്യാപാരമാണോ ചെയ്യുന്നത്. എവിടെനിന്നെങ്കിലും മോഷണം ചെയ്തു എ.കെ.47 ആവശ്യപ്പെടുന്നു, വ്യക്തികൾക്ക് വിതരണം ചെയ്യുന്നു. ചെയ്തോട്ടെ, കൊല്ലുന്ന ജോലി അവരല്ലെ ചെയ്യുന്നത്, ഞങ്ങൾ ചെയ്യുന്നില്ലല്ലോ. വ്യക്തികൾക്ക് ആയുധം വില്ക്കുന്നു, വെടിയുണ്ടകളും ബോംബുകളും വില്ക്കുന്നു എന്നിട്ട് പറയുന്നു – ഞാനാകട്ടെ വളരെ ധർമ്മിഷ്ഠനാണ്. അയ്യോ! ഇല്ല, നിന്റെ ജീവിതം മലീനമല്ലെ? നീ ജനങ്ങൾക്ക് ശീലസദാചാരത്തിന്റെ ജീവിതം ജീവിക്കുന്നതിന് ബാധകമായിക്കൊണ്ടിരി ക്കുകയല്ലെ? അവർക്ക് അവരുടെ ശീലം മുറിക്കുന്നതിന് നീ സഹായകമായിക്കൊണ്ടിരി ക്കുകയല്ലെ? തെറ്റായ ഉപജീവനമാർഗ്ഗമായി.

ഒരു വ്യക്തി പറയുന്നു, ഞാനാകട്ടെ ഹിംസ ചെയ്യുന്നില്ല, ഒരു മൃഗത്തെയും ഹിംസിക്കുന്നില്ല എന്നാൽ പശുവിനെ വളർത്തുന്നു, ആടിനെയും മറ്റും വളർത്തുന്നു എന്നിട്ട് അവയെ നന്നായി തീറ്റിപ്പോറ്റി, തടിപ്പിച്ച് വലുതാക്കുന്നു എന്നിട്ട് കശാപ്പുകാരന് വില്ക്കുന്നു. നല്ല വില ലഭിക്കുന്നു. ഇനി കശാപ്പുകാരൻ അറിയട്ടെ അവൻ കൊല്ലുക യാണെങ്കിൽ ഞാനെന്തു ചെയ്യാനാണ്? അയ്യോ, നല്ല ഉപജീവനമാർഗ്ഗം എങ്ങനെയായി? ഞാൻ ഒരു ലഹരിപദാർത്ഥവും ഉപയോഗിക്കുന്നില്ല എന്നാൽ ലഹരിപദാർത്ഥങ്ങളുടെ വ്യാപാരം ചെയ്യുന്നു, മദ്യത്തിന്റെ വ്യാപാരം ചെയ്യുന്നു, കഞ്ചാവിന്റെ വ്യാപാരം ചെയ്യുന്നു, ആര് എന്നിൽ നിന്ന് വാങ്ങിക്കുന്നോ അവൻ അവന്റെ ശീലം മുറിക്കുന്നു. അയ്യോ, എങ്കിൽ എത്തരം ഉപജീവനമാർഗ്ഗമായി? ഞാൻ വിഷത്തിന്റെ വ്യാപാരം ചെയ്യുന്നു, ആര് കൊണ്ടു പോകുമോ, ആരെയെങ്കിലും കൊല്ലട്ടെ. അതിനാൽ സ്വയം നിരീക്ഷിച്ചു നോക്കണം – ഏതൊരു വ്യാപാരം, എതൊരു ജോലി, ഏതൊരു തൊഴിൽ വഴി എന്റെ വീട്ടിൽ ധനം വരുന്നോ അത് മറ്റുള്ള ജനങ്ങളെ തെറ്റായ വഴിയിൽ പോകുന്നതിന് എങ്ങാനും സഹായകമാകുന്നില്ലല്ലൊ? ആകുന്നു വെങ്കിൽ ഉപജീവനമാർഗ്ഗം ശരിയല്ല, തീർത്തുമല്ല.

വളരെയേറെ ഉപജീവനമാർഗ്ഗം പുറമെ പുറമെ നോക്കിയാൽ തോന്നും വളരെ ഉത്തമമാണ്. മാത്രമല്ല സത്യമായും ഉത്തമമാണ് എന്നാൽ അതിനൊടൊപ്പം ഒപ്പം ഒരു കാര്യം ഇതും നോക്കേണ്ടതുണ്ട് എന്തെന്നാൽ ആ

ഉപജീവനമാർഗ്ഗത്തിന്റെ ജോലി ചെയ്യുന്നവൻ, ആ തൊഴിൽ, ആ വ്യപാരം ചെയ്യുന്നവൻ – അവന്റെ മനസ്സിന്റെ ചേതന എങ്ങിനെയുള്ളതാണ്? അവന്റെ മനസ്സിന്റെ ചോതന ദൂഷിതമാണെങ്കിൽ അപ്പോൾ ചെയ്ത നല്ല ജോലിയും പുറമെ പുറമെ ഇങ്ങനെ തോന്നും എന്തെന്നാൽ ഈ ജോലിയാകട്ടെ വളരെ നല്ലതാണ്. ഈ വ്യാപാരം, ഈ തൊഴിൽ വളരെ നല്ലതാണ് എന്നാൽ ദൂഷിതമായിത്തീരും, സമ്യക് ആയിരിക്കില്ല. ഉപജീവനമാർഗ്ഗത്തിന്റെ പിന്നിൽ മനസ്സിന്റെ ചേതന എത്തരത്തിലുള്ളതാണ്?

എന്റെ ജീവിതത്തിലെ ഒരു സംഭവം, ഏകദേശം നാല്പത് നാലപ്ത്തിരണ്ട് വർഷം ആയിക്കാണും, ഇത് ആ ദിനങ്ങളിലെ കാര്യമാണ്, അപ്പോൾ ശുദ്ധധർമ്മം എന്താണ് അതിന്റെ പേരുപോലും കേട്ടിട്ടില്ല. അന്തർമുഖനായി തന്നെത്താൻ നോക്കുന്നതിനുള്ള വിദ്യപോലും ഒരിക്കലും പഠിച്ചിരുന്നില്ല. വീട്ടിൽ ഒരാൾ രോഗിയായി., ഞങ്ങളുടെ ഏതൊരു കുടുംബ ഡോക്ടറുണ്ടായിരുന്നോ, അദ്ദേഹം എങ്ങോ അവതിയിൽ പോയതായിരുന്നു. അതിനാൽ ഏതെങ്കിലു വേറെ ഡോക്ടറെ വിളിക്കുന്നതിനായി പോയി. അദ്ദേഹം വളരെ തിരക്കിലായിരിക്കും, ഒരു പക്ഷേ വീട്ടിൽ വരില്ല എന്ന് അറിയാമായിരുന്നു. എന്നാൽ യോഗം ഇത്തരത്തിലായിരുന്നു – അദ്ദേഹത്തിന്റെ അവിടെ പോയപ്പോൾ അദ്ദേഹം വെറുതെയിരിക്കുകയായിരുന്നു, അദ്ദേഹത്തിന്റെ അടുത്ത് ഒരു പേഷ്യന്റും ഇല്ല, ഒരു രോഗിയും ഇല്ല. അതിനാൽ വെറുതെ അറിയാനായി ചോദിച്ചു – ഡോക്ടർസർ, താങ്കളുടെ പക്കലാകട്ടെ ദിവസവും വളരെ തിരക്കുണ്ടായിരുന്നല്ലോ, എന്തുപ്പറ്റി ഇന്ന് ഒരു രോഗിയുമില്ല? അപ്പോൾ വളരെ ഉദാസീനമായ മുഖത്തോടെ പറയുന്നു – സഹോദരാ, എന്തു ചെയ്യാം ഈ കാലാവസ്ഥയിൽ ആകട്ടെ നഗരത്തിൽ ഒന്നല്ലെങ്കിൽ മറ്റൊരു രോഗം പരക്കുക തന്നെ ചെയ്യാറുണ്ട്. ഈ വർഷം എന്തു പ്പറ്റി, മനസ്സിലാകുന്നില്ല, ഒരു രോഗവും പരന്നില്ല. ഇത് കേട്ടതുമൂലം എനിക്ക് വളരെ ചീത്തയായി തോന്നി. അയ്യോ ഇദ്ദേഹം ഡോക്ടറാണ്, എന്നാൽ ആഗ്രഹിക്കുന്നതെന്തെന്നാൽ കൂടുതൽ കൂടുതൽ ജനങ്ങൾ രോഗിയാകണം, എത്തരം ഡോക്ടറാണ്? ജനങ്ങൾക്ക് അഹിതം ആഗ്രഹിക്കുകയാണോ? വളരെ ചീത്തയായി തോന്നി.

സമയമായപ്പോൾ ഈ മംഗളകരമായ വിദ്യ ലഭിച്ചു. ശുദ്ധധർമ്മം ലഭിച്ചു. നേരത്തെയാകട്ടെ ധർമ്മത്തിന്റെ പേരിൽ വെറും കപടഭക്തിയിൽ പെട്ടിരിക്കുകയായിരുന്നു. ധാരണം ചെയ്യലാകട്ടെ വളരെ ദൂരെ, ധർമ്മമെന്താണ് ഇത് മനസ്സിലാക്കിയിട്ടെ ഇല്ലായിരുന്നു. എപ്പോൾ ശുദ്ധധർമ്മം ലഭിച്ചോ എന്നിട്ട് ഉള്ളിൽ നോക്കാൻ തുടങ്ങിയോ അപ്പോൾ തന്നെപ്പറ്റിയുള്ള സത്യങ്ങൾ പൊന്തിപൊന്തി മുന്നിൽ വരാൻ തുടങ്ങി. ഞാൻ ആ സമയം ഒരു വ്യാപാരിയായിരുന്നു. വ്യാപാരിയുടെ കുടുംബത്തിലാണ് ജനിച്ചത്. വ്യാപാരിയുടെ തൊഴിൽ ചെയ്തുകൊണ്ടിരിക്കുകയാണ്. അപ്പോൾ വ്യാപാരികളുടെ മനോവൃത്തികളെ ശരിക്കും മനസ്സിലാക്കിയിട്ടുണ്ടായിരുന്നു, ഇന്നും മനസ്സിലാകുന്നുണ്ട്. എവിടെയെങ്കിലും യുദ്ധം എങ്ങാനും തുടങ്ങി, ഏതെങ്കിലും വിശ്വയുദ്ധം തുടങ്ങി അല്ലെങ്കിൽ എങ്ങാനും ക്ഷാമം വന്നു – ഏതൊരു ഉപഭോക്താ സാമഗ്രികളുണ്ടോ അവയുടെ കുറവു വന്നു, വില വർദ്ധിക്കാൻ തുടങ്ങി. വില വർദ്ധിക്കാൻ തുടങ്ങുമ്പോൾ വ്യാപാരി സ്വന്തം ഭാഷയിൽ പറയുന്നത് – അയ്യോ, മാർക്കെറ്റ് നന്നാകുകയാണ്. അയാൾക്ക് മാർക്കെറ്റ് നന്നാകുകയാണ്. ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകുകയാണ്. ഈ കാര്യത്തിനെപ്പറ്റി ചിന്തയില്ല. എന്റെ വീട്ടിൽ വളരെ ധനം വരുന്നുണ്ടല്ലൊ? എങ്കിൽ മാർക്കെറ്റ് നന്നാകുകയാണ്, മാർക്കെറ്റ് നന്നായി ക്കൊണ്ടിരിക്കുകയാണ്. മുഴുവൻ യുദ്ധവും നിന്നു. ഇപ്പോൾ ക്ഷാമം ഇല്ല, ക്ഷേമമാണ്. അകാലമല്ല, നല്ലകാലമാണ്. നല്ല ഉത്പാദനമുണ്ടായി അപ്പോൾ ഉപഭോക്താ വസ്തുക്കളുടെ വില താഴാൻ തുടങ്ങി. വില താഴാൻ തുടങ്ങുമ്പോൾ വളരെ ഉദാസീനമനസ്സോടെ വ്യാപാരി പറയുന്നു – അയ്യോ, മാർക്കെറ്റ് ഇടിഞ്ഞു. ഇപ്പോൾ ആകട്ടെ മാർക്കെറ്റ് ഇടിഞ്ഞു, ഇത്തരം മനോവൃത്തിയാണ്.

വ്യാപാരം ഒരു ചിത്തകാര്യമല്ല. എല്ലാ ഉപഭോക്താവിനും സ്വന്തം ആവശ്യത്തിനുള്ള വസ്തു ഉത്പാദകന്റെ അടുത്തു പോയി വാങ്ങാൻ സാധിക്കില്ല. ഉത്പാദകനാൽ ഉത്പാദിപ്പിക്കപ്പെട്ട വസ്തു ഉപഭോക്താവുവരെ എത്തിക്കൽ – ഇത് വ്യാപാരിയുടെ ജോലിയാണ്. ചീത്തയല്ല. ആ അധ്വാനത്തിന്റെ സ്വന്തം കൂലി എടുക്കുന്നു. ഉചിതമായ ലാഭം എടുക്കുന്നു. ഒരു ചീത്ത കാര്യമല്ല. എന്നാൽ മനസ്സിന്റെ ചേതന, മനസ്സിന്റെ ചേതന പ്രമുഖമാണ്. അതിനാലാണ് അളക്കപ്പെടുന്നത് – സത്യമായും ജീവിതത്തിൽ ശീലം വന്നുകൊണ്ടിരിക്കുന്നുണ്ടോ, വരുന്നില്ലയോ? പുറമെ പുറമെ നമ്മുടെ തൊഴിൽ, നമ്മുടെ വ്യാപാരം ശരിയാണ് എന്നിരുന്നാലും നമ്മൾ അതിന്റെ സദുപയോഗം ചെയ്യുന്നില്ല. അതിനെ തെറ്റായ രീതിയിൽ ചെയ്യുകയാണെങ്കിൽ ദൂഷിതമാകാൻ തുടങ്ങി. ദൂഷിതമാകാൻ തുടങ്ങിയാൽ നമ്മൾ സുശീലനാകുന്നതിനു പകരം ദുശ്ശീലനാകാൻ തുടങ്ങി. ഇപ്രകാരം തന്നെത്തന്നെ നിരീക്ഷിച്ചുകൊണ്ടിരിക്കും, ഓരോ ചുവടിലും നിരീക്ഷിച്ചുകൊണ്ടിരിക്കും.

ഈ രണ്ടായിരം വർഷമായി മറഞ്ഞുപോയ വിപശ്യന വിദ്യ, 1969 മുതൽ ഭാരതത്തിൽ തിരിച്ചു വന്നു. ശിബിരം ആരംഭിക്കാൻ തുടങ്ങി. ധർമ്മത്തിന്റെ ഗംഗയാണ്. എല്ലാ വിഭാഗത്തിലുള്ള ജനങ്ങൾ വരുന്നുണ്ട്. എല്ലാ തൊഴിലിലുമുള്ള ജനങ്ങൾ വരുന്നുണ്ട്, എല്ലാ സമൂഹത്തിലുമുള്ള ജനങ്ങൾ വരുന്നുണ്ട്, എല്ലാ സമ്പ്രദായത്തിലുമുള്ള ജനങ്ങൾ വരുന്നുണ്ട്. വരേണ്ടതും ആവശ്യമാണ്. ധർമ്മത്തിന്റെ ഗംഗയല്ലെ! ആരു വരുന്നോ അവന്റെ ദാഹമടങ്ങും. അതിനാൽ ജനങ്ങൾ വരുന്നു. വ്യാപാരി വർഗ്ഗത്തിലെയും ജനങ്ങളും വരുന്നുണ്ട് എന്നിട്ട് എന്റെ മുന്നിൽ സ്വന്തം കഷ്ടപ്പാടുകൾ വക്കുന്നു – എന്തു ചെയ്യാം, മുഴുവൻ മുഴുവൻ ദേശത്തിന്റെയും അവസ്ഥ എന്താണ്, ഭരണഘടനയുടെ അവസ്ഥ എന്താണ് – താങ്കൾ പറയുന്നു ന്യായപരമായ വ്യാപാരം ചെയ്യുക. എങ്ങനെ ചെയ്യും? എല്ലായിടത്തും അഴിമതിയാണ്, എങ്ങനെ ചെയ്യും?

ഞാനും കാണുന്നുണ്ട്, സത്യമായും ദേശത്തിന്റെ സ്ഥിതി പരിതാപകരമാണ്. വ്യാപാരി വർഗ്ഗവും ദുഷിച്ചു. ഈ നേതാക്കൻമാരും ദുഷിച്ചു. എല്ലാവരും അത്തരത്തിലല്ല, എന്നാൽ അതികാംശവും അത്തരത്തിലുള്ളതാണ്, അതിനാൽ

എന്തു ചെയ്യാം? അതിനാൽ അവരോട് കേവലം ഒരു കാര്യം മനസ്സിലാക്കിക്കൊടുക്കുന്നു – ആയിരം അഴിമതിയുണ്ടായാലും ഒരുകാര്യമാകട്ടെ നിങ്ങൾക്ക് ചെയ്യാൻ സാധിക്കും – ഇതു മനസ്സിലാക്കിവക്കുക – നിങ്ങളുടെ വീട്ടിൽ ഏതൊരു ധനം വരുന്നുണ്ടോ അത് നിങ്ങളുടെ ഉപഭോക്താവിന്റെ പക്കൽ നിന്നാണ് വരുന്നത്. അതിനാൽ ഉപഭോക്താവ് നിങ്ങളുടെ അന്നദാതാവാണ്. സ്വന്തം അന്നദാതാവിനെ മറന്നിട്ടുപോലും വഞ്ചിക്കരുത്. അവന് ഏതൊരു വസ്തു കൊടുക്കുന്നുവോ, അതിന്റെ ഗുണത്തിൽ, അതിന്റെ അളവിൽ, അതിന്റെ തൂക്കത്തിൽ, അതിന്റെ ഭാരത്തിൽ ഒരിക്കലും ചതി കാണിക്കരുത്. ഒരിക്കലും ഏതെങ്കിലും മായം ചേർത്ത വസ്തു ഒരാൾക്കും കൊടുക്കരുത്. ഇത് ചെയ്യാൻ സാധിക്കുമല്ലോ? ഇത്ര ഇത്രയെങ്കിലും ധർമ്മവാനായിത്തീരുക. അയ്യോ ധർമ്മത്തിന്റെ ഒരു ചുവടെങ്കിലും എടുത്തല്ലൊ! കൂടാതെ ധനം സമ്പാദിക്കുകയാണ്. ധനം സമ്പാദിക്കൽ ഏതെങ്കിലും ചീത്തയായ കാര്യമല്ല. ഗൃഹസ്ഥൻ കൈനീട്ടി ആവശ്യപ്പെട്ടാൽ ചീത്ത കാര്യമാണ്. എപ്രാകരം ഏതെങ്കിലും ഗൃഹത്യാഗിക്ക് ധനവാനാകൽ ചീത്തകാര്യമാണ് അപ്രകാരം ഏതെങ്കിലും ഗൃഹസ്ഥന് ദരിദ്രനാകൽ ചീത്തകാര്യമാണ്. സ്വന്തം പരിശ്രമത്താൽ, ന്യായപൂർവ്വം ധനം സമ്പാദിക്കണം. എന്നാൽ ധനം വരും അപ്പോൾ അഹങ്കാരം ഉണരും. ഞാൻ സമ്പാദിച്ചതാണ്! നോക്കൂ, ഞാൻ എത്ര ചാതുര്യമുള്ളവനാണ്. കൂടാതെ ഞാൻ വലിയ ധർമ്മവാൻ. അപ്പോൾ അഹങ്കാരം വരും. അപ്പോൾ മുക്തിയിൽ നിന്ന് ദൂരെപ്പോകും. ഈ അഹങ്കാരത്തെ ദൂരികരിക്കുന്നതിന് ഏത്ര സമ്പാദിക്കുന്നുവോ അതിന്റെ കുറച്ചു ഭാഗം – അധികം സമ്പാദിക്കുന്നുവെങ്കിൽ അധികം ഭാഗം, കുറച്ചു സമ്പാദിക്കുന്നുവെങ്കിൽ കുറച്ചു ഭാഗം സമൂഹത്തിൽ വിതരണം ചെയ്യുക.

പഴയ ഭാഷയിൽ പറഞ്ഞിരുന്നു – സമവിഭാഗം ചെയ്യുക! അതായത് ദാനം ചെയ്യുക.

അപ്പോൾ ഈ രണ്ടു കാര്യങ്ങൾ ഗൃഹസ്ഥൻ പഠിച്ചാൽ അവന്റെ സമ്യക് ഉപജീവന മാർഗ്ഗത്തിന്റെ വഴി തുടങ്ങി, ആരംഭമായി. അവൻ പതുക്കെ പതുക്കെ മുന്നേറിക്കൊണ്ടു പോകും. ഈ മൂന്നിൽ മൂന്നും സമ്മാ വാചാ, സമ്മ കമ്മന്തൊ, സമ്മാ ആജീവൊ ഇതുണ്ടെങ്കിൽ മനസ്സിലാക്കാം, ധർമ്മത്തിന്റെ ആദ്യത്തെ അംഗം – നമ്മുടെ ശീലത്തിന്റെ അംഗം പുഷ്ടമായിക്കൊണ്ടു പോകുകയാണ്, പുഷ്ടമായിക്കൊണ്ടു പോകുകയാണ്. മുന്നേറി മുന്നേറി ബാക്കി അംഗങ്ങളെയും പുഷ്ടമാക്കും എന്നിട്ട് മംഗളം നേടും. അയ്യോ, ശുദ്ധ ധർമ്മത്തിന്റെ വഴിയിൽ ആര് നടക്കുന്നോ, ആര് നടക്കുന്നോ, അവന്റെ ജീവിതത്തിൽ മംഗളം തന്നെ മംഗളം, അവന്റെ ജീവിതത്തിൽ നന്മ തന്നെ നന്മ. അവന്റെ ജീവിതത്തിൽ സ്വസ്ഥത തന്നെ സ്വസ്ഥത. അവന്റെ ജീവനിൽ മുക്തി തന്നെ മുക്തി.

**ധമ്മ കേതന വിപസ്സന മെഡിടേഷൻ സെന്റർ,**
മാമ്പ്ര പോസ്റ്റ്, കോഡുകുളഞ്ഞി, ചെങ്ങന്നൂർ,
കേരള – 689508. Phone: (0479)2351616.
email: info@ketana.dhamma.org.

**ശിബിരങ്ങളുടെ സൂചിക – 2010**

**പത്തു ദിവസ ശിബിരം:** 20.12.2010 to 31.12.2010.

**മൂന്നു ദിവസ ശിബിരം:** 14.11.2010 to 17.11.2010

**Contact:** കേരള വിപസ്സന സമിതി, മൈത്രി, നേരചത്തര ലേൻ, പെരന്ദൂർ റോഡ്, ഏലമക്കര പോസ്റ്റ്, കൊച്ചി–682026. Phone: (0484)2539891: Mobile: 9846569891.

.....................